FRIDAY 22.03.2024 വെള്ളിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 22/03/2024

1. കോഴിക്കോട് ഭാരതീയ സുഗന്ധവിള ഗവേഷണ കേന്ദ്രം മാർച്ച് 22 ന് **ഉദയം 2024** വനിത സംരംഭകമേളയും കാർഷിക പ്രദർശന വിപണനവും സംഘടിപ്പിക്കുന്നു. ഇതോടനുബന്ധിച്ച് വനിതാ സംരംഭകരുടെ ഉത്പന്ന വിപണനവും പ്രദർശനവും, ബയർ- സെല്ലർ മീറ്റ് , സംരംഭകരുടെ വിജയഗാഥകൾ പങ്കിടൽ IISR സാങ്കേതികവിദ്യ പ്രദർശനം എന്നിവയും ഉണ്ടായിരിക്കുന്നതാണ്. നടീൽ വസ്തുക്കളും, വിത്തുകളും വളങ്ങളും, ജൈവ ഉപാധികളും ഭക്ഷ്യോത്പന്നങ്ങൾ എന്നിവയുടെ വിപണനോത്പന്നങ്ങൾ നൂറോളം ചെറുകിട സംരംഭകരുടെ ഉത്പന്നങ്ങളും ഉണ്ടായിരിക്കുന്നതാണ്. വിശദ വിവരങ്ങൾക്ക് ഫോൺ നമ്പർ 0495 2371410, 9995826799.

### പരിശീലന പരിപാടി

**2.** നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫുഡ് ടെക്നോളജി എന്റർപ്രിണർഷിപ്പ് ആന്റ് മാനേജ്മെന്റും (NIFTEM –T) കേന്ദ്ര ഭക്ഷ്യസംസ്കരണ മന്ത്രാലയവും സംയുക്തമായി ഫുഡ് സേഫ്റ്റി ആന്റ് ക്വാലിറ്റി അഷ്വറൻസ് എന്ന വിഷയത്തിൽ മാർച്ച് 26 ന് രാവിലെ 9.30 മുതൽ 4.30 വരെ ഒരു വർക്ക്ഷോപ്പ് സംഘടിപ്പിക്കുന്നു. അപേക്ഷിക്കേണ്ട അവസാന തീയതി 25.03.2024. കൂടുതൽ വിവരങ്ങൾക്ക് 9750968409, 9940058889 എന്നീ ഫോൺ നമ്പരുകളിലോ niftemt.ac.in എന്ന വെബ്സൈറ്റിലോ ബന്ധപ്പെടുക.

3. ആലപ്പുഴ ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിൽ നിന്നും ഒരു ദിവസം പ്രായമായ അത്യുൽപ്പാദന ശേഷയുള്ള ഗ്രാമശ്രീ പിടക്കോഴി കുഞ്ഞുങ്ങൾ ചൊവ്വ, വെള്ളി ദിവസങ്ങളിൽ 25 രൂപ നിരക്കിലും ജാപ്പനീസ് കാട കുഞ്ഞുങ്ങൾ എട്ട് രൂപ നിരക്കിൽ

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

തിങ്കൾ, വ്യാഴം ദിവസങ്ങളിലും ലഭിക്കും. താത്പര്യമുള്ള കർഷകർ 0479 2452277 എന്ന നമ്പരിൽ മുൻകൂട്ടി ബുക്ക് ചെയ്യുക.

4. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (സെന്റർ ഫോർ ഇ-ലേണിംഗ്) "പഴം-പച്ചക്കറി സംസ്കരണവും വിപണനവും" എന്ന ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. മലയാള ഭാഷയിൽ ഉള്ള ഈ കോഴ്സിന്റെ ദൈർഘ്യം മൂന്ന് മാസമാണ്. താല്പര്യമുള്ളവർക്ക് www.celkau.in എന്ന വെബ്സൈറ്റിലെ 'ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സ്' എന്ന ലിങ്കിൽ നിന്നും രജിസ്റ്റേഷൻ ഫോറം പൂരിപ്പിച്ചു സമർപ്പിക്കാവുന്നതാണ്. 50% മാർക്കോടുകൂടി SSLC / തത്തുല്ല്യ വിദ്യാഭ്യാസമാണ് ഏറ്റവും കുറഞ്ഞ യോഗ്യത. കോഴ്സ് ആരംഭിക്കുന്ന തിയ്യതി: 2024 ഏപ്രിൽ 17. രജിസ്റ്റർ ചെയ്യേണ്ട അവസാന തിയ്യതി: 2024 ഏപ്രിൽ 16. കൂടുതൽ വിവരങ്ങൾ പ്രസ്തുത വെബ്സൈറ്റിൽ ലഭ്യമാണ്. സംശയങ്ങൾക്ക് celkau@gmail.com ലേക്ക് ഇ-മെയിൽ ആയോ 04872438567, 04872438565, 8547837256, 9497353389 എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

5. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബറിനെ ബാധിക്കുന്ന രോഗങ്ങൾക്കെതിരെ സ്പ്രേയിങ് നടത്തുന്നതിലും സ്പ്രേയിങ് ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികളിലും 2024 മാർച്ച് 27-ന് ഓൺലൈൻപരിശീലനം നൽകുന്നു. പരിശീലനമാധ്യമം മലയാളം ആയിരിക്കും. കൂടുതൽ വിവരങ്ങൾക്ക് 9447710405 എന്ന ഫോൺ നമ്പരിലോ 04812351313 എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാം. ഇ-മെയിൽ: ൃേമശിശിഴ@ൃൗയയലൃയീമൃറ.ീൃഴ.ശി

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

6. കാർഷിക നിർദ്ദേശം

പച്ചക്കറികൾ

പയർ, വഴുതന, മുളക് തുടങ്ങിയ പച്ചക്കറി വിളകളിൽ നീരൂറ്റിക്കുടിക്കുന്ന കീടങ്ങളായ മുഞ്ഞ, വെള്ളീച്ച തുടങ്ങിയവയുടെ ആക്രമണം വ്യാപകമായി കണ്ടുവരുന്നു. ഇവയെ നിയന്ത്രിക്കുന്നതിനായി വേപ്പധിഷ്ഠിത കീടനാശിനിയായ കെ വി കെ രക്ഷ 6 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് വെയിൽ താഴ്ന്നുനിൽക്കുന്ന സമയങ്ങളിൽ ഒരാഴ്ച ഇടവേളകളിലായി തളിച്ചുകൊടുക്കാവുന്നതാണ്. വെർട്ടിസിലിയം 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് 2 ആഴ്ച ഇടവേളയിൽ തളിച്ചുകൊടുക്കുന്നതും ഇവയെ നിയന്ത്രിക്കാൻ സഹായകമാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം